(സി) കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി നിയമം വകുപ്പ് 26 (എ) പ്രകാരം നിഷ്കർഷിക്കപ്പെട്ട പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സർക്കാർ പരിഗണനയിലാണ്.

(ഡി) മണൽകടത്തിന് എതിരെ നിൽക്കുന്ന ഉദ്യോഗസ്ഥർക്കും പൊതുപ്രവർത്തകർക്കുമെതിരെ അക്രമം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ രീതിയിലുള്ള അക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അനധികൃത മണൽകടത്തിന് എതിരായുള്ള കർത്തവ്യ നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് നേരിടേണ്ടിവരുന്ന കേസ്സുകളിൽ സർക്കാർ അഭിഭാഷകന്റെ സേവനം ലഭിക്കുന്നതിനായി 15-1-2013-ലെ 27611/ബി1/2012/നിയമം പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) മണൽ മാഫിയയ്ക്ക് കൂട്ടുനിൽക്കുന്നതായി കണ്ടെത്തിയാൽ ടി ഉദ്യോഗസ്ഥർക്കെതിരായി കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമാർക്കറ്റിലെ അമിതവില

12 (*552) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവകാലങ്ങളിൽ സപ്ലൈകോ മുഖേന നടത്തുന്ന വില നിയന്ത്രണ നടപടികളിൽ നിന്ന് സർക്കാർ പിൻവാങ്ങിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഓണം, വിഷു ഉത്സവ ചന്തകളിൽ ഭക്ഷ്യവസ്തുക്കൾ ദുർലഭമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(സി) 2015-ലെ റമദാൻ ചന്ത തുടങ്ങാനായിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കാമോ ; വസ്തുക്കളുടെ കുറവ് വരുത്തിയിട്ടുണ്ടോ ;

(ഡി) ഓണം അടുത്തിരിക്കുന്ന സാഹചര്യത്തിൽ പൊതുമാർക്കറ്റിലെ അമിതവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഓണച്ചന്തകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമായിട്ടുണ്ടോ ; കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉത്സവകാലങ്ങളിൽ മാർക്കറ്റിൽ ഇടപെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ പ്രത്യേകം ഫണ്ട് അനുവദിക്കാറുണ്ടോ ; ഈ വർഷം ഫണ്ട് ലഭിച്ചിട്ടുണ്ടോ ; മുൻ വർഷങ്ങളിൽ കുടിശ്ശികയുണ്ടോ ; വിശദമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ&ബി) ഇല്ല.

(സി) 2009-ൽ 43 റമദാൻ ചന്തകളാണ് ഉണ്ടായിരുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ചന്തകളുടെ എണ്ണം കൂട്ടിയത്. 2015-ൽ കേരളത്തിലുടനീളം 64 റംസാൻ ഫെയറുകൾ സംഘടിപ്പിച്ച് റംസാൻ കാലത്ത് ആവശ്യമായ നെയ്, ബിരിയാണി അരി തുടങ്ങി എല്ലാ ഭക്ഷ്യവസ്തുക്കളും റംസാൻ ഫെയറുകൾവഴി പൊതുജനങ്ങൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കിയിരുന്നു.

(ഡി) ഉപഭോക്താക്കൾക്ക് ഉത്സവകാലത്ത് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനും ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ പൊതുവിപണിവില വർദ്ധനവ് നിയന്ത്രിക്കുന്നതിനും ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ ഓണച്ചന്തകൾ ആരംഭിക്കുന്നതിന് സപ്ലൈകോ വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഓണം മെഗാഫെയറുകൾ 10-8-2015 മുതൽ പ്രവർത്തിച്ചു തുടങ്ങുന്നതാണ്. ജില്ലാതല ഓണം ഫെയറുകളും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ആരംഭിക്കുന്ന ഓണം മാർക്കറ്റുകൾ, സ്പെഷ്യൽ ഫെയറുകൾ തുടങ്ങിയവയിലൂടെയും കൂടാതെ സപ്ലൈകോ മിനി ഫെയറുകൾവഴിയും പൊതുജനങ്ങൾക്ക് ആവശ്യമായ പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ന്യായവിലയ്ക്ക് സപ്ലൈകോ ലഭ്യമാക്കുന്നതാണ്.

(ഇ) റംസാൻ/ഓണക്കാലത്ത് നടത്തുന്ന മാർക്കറ്റ് ഇടപെടൽ പദ്ധതി, ബി.പി.എൽ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റ് വിതരണം, എല്ലാ റേഷൻ കാർഡുടമകൾക്കുമുള്ള സ്പെഷ്യൽ പഞ്ചസാര വിതരണം എന്നിവ നടപ്പിലാക്കുവാൻ മാർക്കറ്റ് ഇടപെടൽ പദ്ധതിയുടെ വിഹിതത്തിൽ നിന്നും 64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഉത്സവകാലത്തെ മാർക്കറ്റ് ഇടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

Year	Festival Season MIO (In Crores)	BPL Kit (In Crores)	Special Sugar (In Crores)
2011-12	36.90	16.68	...
2012-13	71.58	14.87	...
2013-14	77.90	16.16	2.83
2014-15	78.40	11.87	0.70
Total	264.78	59.58	3.53

പ്ലസ് വൺ പ്രവേശന നടപടികൾ

13 (*553) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കറുപ്പ് :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശന നടപടികൾ നീണ്ടുപോകാനിടയായത് എന്തുകൊണ്ടാണെന്നറിയിക്കാമോ ; പ്രവേശനം പൂർണ്ണതോതിൽ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) സീറ്റ് അലോട്ട്മെന്റ് നടപടികളിൽ അനാവശ്യകാലതാമസം വന്നിട്ടുണ്ടോ ; ഇതിനകം എത്ര അലോട്ട്മെന്റുകളാണ് നൽകിയിട്ടുള്ളത് ; ഒന്നും രണ്ടും അലോട്ട്മെന്റുകൾ തമ്മിൽ എത്ര ആഴ്ചത്തെ കാലതാമസമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) അലോട്ട്മെന്റുകൾ നീളുന്നത് സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എസ്.എസ്.എൽ.സി. സേ പരീക്ഷ എഴുതിയവർക്കും പുനർമൂല്യനിർണ്ണയം നടത്തിയവർക്കും യഥാസമയം മാർക്ക് ലിസ്റ്റ് ലഭിക്കാത്തതു കാരണം ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ പ്രവേശനം നേടാൻ കഴിയാതെ വന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly